# ഉന്മത്തരാഘവം

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# ഉന്മത്തരാഘവം

ഭാഷാപ്രേക്ഷണകം.

പരിഭാഷകൻ:

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

നാലാംപതിപ്പ്
കോപ്പി: 1000.

വില
നാലണ.

1120 മീനം.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

മംഗളോദയം പ്രസ്സ്,
തൃശ്ശിവപേരൂർ.

---

പകർപ്പവകാശം പരിരക്ഷകന്ന്.
എല്ലാപ്രതികളിലും പരിരക്ഷകന്റെ സീലുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

# ഒന്നാംപതിപ്പിന്റെ മുഖവുര

'നേത്രാമൃതം' എന്ന പേരോടുകൂടെ, ഇപ്പോഴും അച്ചടിയ്ക്കാതെ കിടപ്പുള്ള ഒരു വൈദ്യഗ്രന്ഥം ഞാൻ എഴുതിക്കൊണ്ടിരിയ്ക്കുമ്പോഴാണ്, 'ഉന്മത്തരാഘവം' സംസ്കൃതപ്രേക്ഷണകം 'ഇതൊന്നു തർജ്ജമചെയ്താൽക്കൊള്ളാം' എന്നൊരറിയിപ്പോടുകൂടി എന്റെ ഒരു സുഹൃത്തിന്റെ പക്കൽനിന്നും എനിയ്ക്കയച്ചു കിട്ടിയത്. പുസ്തകം വായിച്ചുനോക്കിയതിൽ 'ഭാസ്കര'കവിയുടെ സരളലളിതയായ കവിതാരീതി എന്റെ സ്നേഹിതന്റെ ഇഷ്ടംതന്നെ എന്റേയും ഇഷ്ടമാക്കിത്തീർത്തു.

മലയാളസാഹിത്യത്തിൽ ഇത്തരം പ്രേക്ഷണകങ്ങൾ (രൂപകങ്ങൾ) ദുർല്ലഭമാകയാൽ ഭാഷയിൽ ഇതൊരു പുതുമയായിത്തീരുമല്ലോ എന്നുള്ള വിചാരം എനിയ്ക്കു വിശേഷവിധിയായ ഒരുത്സാഹത്തെ ജനിപ്പിച്ചു. ഒരുവിധം ക്ലിഷ്ടമായിരുന്ന എന്റെ അന്നത്തെ ജോലിയ്ക്കിടയിൽ, ചിലപ്പോൾ ഉന്മത്തരാഘവം ഭാഷപ്പെടുത്തുന്നത് എനിയ്ക്കു സരസമായ ഒരു വിനോദമായിട്ടും തോന്നി.

മൂന്നോ നാലോ ദിവസംകൊണ്ടാണ് തർജ്ജമ അവസാനിച്ചത്. ശ്ലോകങ്ങളെല്ലാം വൃത്താനുവൃത്തമായി തർജ്ജമചെയ്തതുകൊണ്ട്, അവയ്ക്കു പറയത്തക്ക വല്ല വൈകല്യവും വന്നിട്ടുണ്ടോ എന്നെനിയ്ക്കറിവില്ല. തർജ്ജമയിൽ മേൽപ്രകാരമുള്ള ഒരു നിർബ്ബന്ധം ഞാൻ പതിവായി അം

Digitized By Kerala Sahitya Akademi

ഗീകരിയ്ക്കുന്നത്, അതുകൊണ്ടു ദോഷത്തേക്കാൾ അധികം ഗുണമാണെന്നുള്ള ധാരണകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ലെന്നു പറയുന്നതു പക്ഷേ ആവശ്യമായേയ്ക്കാം.

പ്രസ്തുതകൃതി 'ലക്ഷ്മീഭായി' എന്നൊരു മാസികയുടെ ഒന്നാം പുസ്തകത്തിൽ രണ്ടുമൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിയ്ക്കുകയും അതിൽനിന്നു ചിലരെല്ലാം വായിപ്പാൻ ഇടവരികയും ചെയ്തിട്ടുള്ളതാണ്. ഇതിപ്പോൾ പലരും ആവശ്യപ്പെട്ടുകാണുന്നതുകൊണ്ടു പ്രത്യേകപുസ്തകമാക്കി സഹൃദയന്മാരുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
30—1—85.

പരിഭാഷകൻ.

Digitized By Kerala Sahitya Akademi

# ഉന്മത്തരാഘവം

## ഭാഷാപ്രേക്ഷണകം

---

നാന്ദി

മലപ്പെങ്കാൽത്താരിൽ പ്രണയകലഹേ കമ്പിടുകയാ-
ലലക്തച്ഛാറാന്നാശ്ശിവനുടെ ശശിക്കീർ ശിവദമാം;
കലങ്കംകോലും തന്മുഖമതിയിൽനിന്നും തെളിവുകൈ-
വിലസ്സുാരുണ്യം വാങ്ങിയപടി വിളങ്ങുന്നിതിതു താൻ.

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ
പ്രവേശിക്കുന്നു)

സൂത്ര—(അണിയറയിലേക്കു നോക്കി) ആര്യേ, ഇവിടെ വരു.

വടി—(പ്രവേശിച്ച്) ആര്യ, ഞാനിതാ. എന്താണ് വേണ്ടത്? ആജ്ഞാപിച്ചാലും.

സൂത്ര—അതിനിർമ്മലമായ തങ്ങളുടെ കീർത്തിയാകുന്ന കർപ്പൂരത്തെ സകലലോകവുമാകുന്ന കരണ്ടകത്തിൽ നിറച്ചുവെച്ചവരും, ദിഗ്ഗജങ്ങളുടെ മസ്തകമണ്ഡലത്തിന്ന് അലങ്കാരമായിത്തീൎന്ന പ്രതാപസിന്ദൂരത്തോടുകൂടിയവരും, വിദ്യാരണ്യൻെറ തൃപ്പാദവന്ദനമഹോത്സവത്തിന്നു വന്നുചേൎന്നവരുമായ ഈ സാമാജികന്മാരാൽ ഞാനിപ്പോൾ നിയോഗിക്കപ്പെട്ടിരിക്കുന്നു:

Digitized By Kerala Sahitya Akademi

എങ്ങിനെയെന്നാൽ—

കല്പിച്ചുണ്ടാക്കി യാതൊന്നു
ചൊല്ലൊണ്ടും കവി 'ഭാസ്കരൻ',
ആ പ്രേക്ഷണകമങ്ങോട്ട-
കിപ്പോ'ളുന്മത്തരാഘവം'. ൨

എന്ന്. അതിനാൽ വേണ്ടതിനെ ചെയ്യാലും.

നടി—(ആലോചനയോടുകൂടി) ഈ സാമാജികന്മാർ വലിയ വിദ്വാന്മാരാണ്. എങ്ങിനെയാണിവരുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നത്?

സൂത്ര—എയ്, അങ്ങിനെ പറഞ്ഞുകൂടാ. വിശേഷജ്ഞന്മാർ സ്വഭാവേന ഗുണഗ്രാഹികളാകയാൽ അവരെ എളുപ്പത്തിൽ സന്തോഷിപ്പിക്കാവുന്നതാണ്

കേൾക്ക:

അറിവാൽത്തെളിയും സജ്ജന-
നിരയുടെ കരൾ പാട്ടിലാക്കുവാനെളുതാം:
തിറമോടാകർഷിക്കും
കറ ചോകിലിരിമ്പിനെക്കാന്തം. ൩

നടി—ആകട്ടെ, ഇനി എന്താണു ചെയ്യേണ്ടതെന്ന് ആര്യൻ ആജ്ഞാപിച്ചാലും.

സൂത്ര—ഇതാ, ഇപ്പോൾ വസന്തകാലമായി. എന്തെന്നാൽ

മാവിൻകൂട്ടം മലയജമരുത്തേററു ചാഞ്ചാടിടുന്നു;
കാർവണ്ടാഴുന്നിതു പൂനരിതിൻപുഷ്കലത്തേൻകുഴമ്പിൽ;
പൂവിൻമൊട്ടിട്ടവിരളമശോകങ്ങൾ നില്ക്കുന്നു, പാടാൻ
ഭാവിക്കുന്നു മദലഹരിയാൽപ്പഞ്ചമം പെൺപികങ്ങൾ. ൪

Digitized By Kerala Sahitya Akademi

ആൎയ്യേ, അതിനാൽ തൽക്കാലോചിതമായി കുറഞ്ഞൊന്നു പാടിയാലും.

നടി—(പാടുന്നു)

ലളിതവസന്തമമാത്യൻ,
കുളിർദക്ഷിണവായുവായ പടനാഥൻ,
അളികളകമ്പടിയിപ്പടി
നളിനശരൻ നൃപതി വാഴ്ക ചിരം. ൧

സൂത്ര—പാടിയതു നന്നായി. (മറെറാരേടത്തു നോക്കി) ആൎയ്യേ, ഇങ്ങോട്ടു നോക്കൂ:

നൽത്തൂമലർച്ചാൎത്തു മൊഴിച്ചു മെല്ലം
മെത്തുന്നതോൎത്തന്യലതാളിതോറും
എത്തുന്നു വണ്ടിൻനിര, പുഷ്പലോഭ-
മൊത്തുള്ളൊരിജ്ജാനകിയെന്നപോലെ. ൨

(എന്നു രണ്ടുപേരും പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം പൂവറുക്കുന്നതായി നടിച്ചുകൊണ്ടു സീതയും സഖിയും പ്രവേശിക്കുന്നു)

സഖി—തോഴി ജാനകി, മുമ്പിൽത്തന്നെ പൂക്കൾ കാണപ്പെടുന്നു. നിയ്യെന്താണു മറെറാരേടത്തേയ്ക്കു നോക്കിക്കൊണ്ടു പോകുന്നതു്?

സീത—സഖി, മധുകരികേ, ഇതിന്റെ അങ്ങേപ്പുറത്തുള്ള കാട്ടിൽ ഇതിലും നല്ല പുഷ്പങ്ങൾ കാണുന്നുണ്ടു്. അതുകൾ പറിപ്പാനാണു ഞാൻ പോകുന്നതു്!

Digitized By Kerala Sahitya Akademi

മധുകരിക—സഖി, ജാനകി, നമുക്കിപ്പോഴും ഇവിടെ അത്ര പരിചയമായിട്ടില്ല. വനങ്ങളിൽ ശപിപ്പാനും അനുഗ്രഹിപ്പാനും കരുത്തുള്ള മഹഷികളുണ്ട്. ആകയാൽ, വല്ല ആശ്രമത്തിലും കടന്നു പൂ പറിയ്ക്കുന്നതായാൽ ആരെങ്കിലും കോപിച്ചു എന്നുവരാം. രാമഭദ്രനും നിനക്കവേണ്ടി പൊന്മാനിനെ പിടിച്ചു നായാട്ടു കഴിഞ്ഞു തിരിയേ എഴുന്നള്ളാറായി. അതിനാൽ നമ്മളിപ്പോൾ പൂവറുക്കൽ മതിയാക്കി മടങ്ങിപ്പോവുക.

സീത — കാട്ടിലെ വള്ളികൾ, ഫലപുഷ്പമൂലങ്ങൾ, നദീജലങ്ങൾ ഇവ എല്ലാവക്കും ഒരുപോലെ അവകാശപ്പെട്ടവയാണ്. പിന്നെ, എന്തിനാണ്, ആരെങ്കിലും കോപിയ്ക്കുന്നത്? ആശ്രമപുത്രൻെറ ദേവപൂജയ്ക്കുള്ളപുഷ്പങ്ങൾ അറുത്തു കഴിഞ്ഞു. ഇതിൻെറ അപ്പുറത്തുള്ള കാട്ടിൽ പോയി, ഭംഗിയുള്ള പുഷ്പങ്ങൾ പറിച്ചതിനുശേഷം നമുക്ക പണ്ണശാലയിലേയ്ക്കു പോകാം.

(എന്നു രണ്ടുപേരും പുറപ്പെട്ടു)

സീത — (ദൃഷ്ടിവിക്ഷേപത്തോടുകൂടി) സഖി, ഇതാ ഒരു വണ്ട്, എന്തുകാരണംകൊണ്ടാണ്, ഓരോ ലതാവിടപങ്ങളിലും കിടന്നു ചുററിത്തിരിയുന്നത്?

മധു — (സൂക്ഷിച്ചുനോക്കി) പൂന്തേനിൻെറ ലഹരികൊണ്ടു ചിറകുകൾക്ക ചേഷ്ടയില്ലാതാകയാൽ തളിരുകളുടെ ഇടയിൽ മറഞ്ഞിരിയ്ക്കുന്ന തൻെറ ഭാര്യയായ പെൺവണ്ടിനെ കാണാഞ്ഞിട്ടുള്ള മനോവേദനനിമിത്തം ഭ്രാന്തുപിടിച്ചതുകൊണ്ടായിരിയ്ക്കണം.

Digitized By Kerala Sahitya Akademi

സീത—സഖി, നീ പറഞ്ഞതു ശരിയാണ്

മധു—ആശ്ചൎയ്യം, ഇവൻ വളരെ തിരിഞ്ഞു നോക്കിയിട്ടും ഭാൎയ്യയെ കണ്ടെത്തുന്നില്ല.

സീത—മധുകരികേ, നീ ഇവന്നു ഭാൎയ്യയെ കാണിച്ചു കൊടുക്ക.

മധു—ഞാൻ, ഈ മാവിൻചില്ലകൊണ്ടു തല്ലിയിട്ടു, പൂന്തേൻ കുടിച്ചു നിശ്ചേഷ്ടയായിത്തീൎന്ന പെൺവണ്ടിനെ പറപ്പിയ്ക്കാം (അങ്ങിനെ ചെയ്തിട്ട്) ആശ്ചൎയ്യം! ഈ വണ്ടു പൂങ്കുലയിൽ നിന്നെഴുന്നേറ്റു ഭാൎയ്യയോടുകൂടി ചേൎന്നിട്ടു മാധവീമണ്ഡപത്തിൽ കേറി പൂന്തേൻ കുടിച്ചു സുഖമായി ഇരിയ്ക്കുന്നു. (മറെറാരു വനത്തിലേയ്ക്കു നോക്കി ആവേശത്തോടുകൂടി) ജാനകി എവിടെ പോയി! (പിന്നേയും നോക്കീട്ട്) ആശ്ചൎയ്യം! എങ്ങും കാണുന്നില്ല. (വനാന്തരത്തിൽ ചെന്ന് എല്ലാടവും അന്വേഷിച്ചിട്ട്) ആശ്ചൎയ്യം! ഇതാ, നല്ല ഭംഗിയുള്ള ഒരു മാൻപേട സ്നേഹത്തോടുകൂടി എന്നെ നോക്കി, താഴെ പൊഴിയുന്ന കണ്ണുനീർകൊണ്ടു സഖീസ്നേഹത്തെ സൂചിപ്പിയ്ക്കുന്നു. എനിയ്ക്കും വളരെക്കാലം പരിചയിച്ചിട്ടുള്ളവിധം ഇതിന്റെ നേരേ വിശ്വാസം തോന്നുന്നു. അല്ലെങ്കിൽ ഇത് എന്റെ പൂൎവ്വജന്മത്തിലെ തോഴിയായിരുന്നിരിയ്ക്കാം.[എന്നു സംഭ്രമത്തോടുകൂടി ചുററിനടന്നിട്ട് ആലോചനയോടുകൂടി] ഇവിടെ മഹൎഷിയുടെ ആശ്രമമാണെന്നുള്ള മാഹാത്മ്യംനിമിത്തം ദുഷ്ടമൃഗങ്ങളുടെ സഞ്ചാരമില്ല. എന്നാൽ പിന്നെ, ജാനകി എവിടെ

Digitized By Kerala Sahitya Akademi

പോയി എന്നുവിചാരിച്ച് എനിക്കു് ആശ്ചര്യമാകുന്നു. (നെടുവീർപ്പിട്ട്) ഞാൻ ഭാഗ്യംകെട്ടവൾതന്നെ. രാമഭദ്രൻ നായാട്ടു കഴിഞ്ഞു തിരിയെ എഴുന്നള്ളിയാൽ ഞാനെങ്ങിനെയാണ് ഈ സംഗതി ഉണർത്തിക്കേണ്ടത്? രാമഭദ്രനും ഇതു കേട്ടാൽ ഏതൊരു നിലയിലാകും എന്നു വിചാരിച്ച് എന്റെ നെഞ്ചു പിടക്കുന്നു.

(അണിയറയിൽ കളകളം)

മധു—[കേട്ടിട്ട്] മഹർഷിമാർ അങ്ങോട്ടുമിങ്ങോട്ടും കിടന്നോടുന്നതു കണ്മാനുണ്ട്. അതിനാൽ രാമഭദ്രൻ എഴുന്നള്ളുന്നുണ്ടെന്നാണു തോന്നുന്നത്.

(പിന്നെയും അണിയറയിൽ)

നന്നായെല്ലാമടിപ്പിൻ വഴികളുഥ കടം-
കൊണ്ടു കോരുന്ന തണ്ണീ-
രൊന്നായ്പ്പാററിത്തളിപ്പിൻ പെരികെ വിതറുവിൻ
പുഷ്പജാലങ്ങളെങ്ങും
മന്നിൻമങ്കയ്ക്കു പൊന്മാനിനൊയുടനുയിർപോ-
ക്കാതെ കൈക്കൊണ്ടിതാ താൻ
വന്നെത്തീ കാട്ടിൽനിന്നും സമധികവിഭവ
സ്തോമനാം രാമചന്ദ്രൻ. ൩

ചെറുതു പിറകിലെത്തും ലക്ഷ്മണകൽത്തിരിക്കും
തിരുമിഴിമുനയോടോരോന്നു മാറിച്ചുരച്ചും
പരിചൊടു വിലസുന്നു തന്നുഖച്ചു വിയർത്തും
പെരിയ ഗുണമഴിഞ്ഞാ വില്ലു തോളത്തുവെച്ചും. വൃ

Digitized By Kerala Sahitya Akademi

മധു — എയ്! പൊന്മാനിനെ എടുത്ത് കനിച്ചുനടക്കുന്ന ലക്ഷ്മണനോട് എന്തോ ചിലതു സംസാരിച്ചുകൊണ്ടു രാമഭദ്രൻ തന്നെയാണു വരുന്നത് ഞാൻ ഈ വഴിയിൽനിന്നു മാറി നില്ക്കുകതന്നെ.

(അങ്ങിനെ ചെയ്യുന്നു)

(അനന്തരം പറഞ്ഞപോലെ ലക്ഷ്മണനോടുകൂടി രാമൻ പ്രവേശിക്കുന്നു)

രാമൻ — വത്സ! ഈ പൊന്മാനിനെക്കണ്ടാൽ ജാനകിയ്ക്കു വളരെ സന്തോഷമാകും.

ലക്ഷ്മണൻ — പറഞ്ഞമാത്രയിൽ തന്റെ ഇഷ്ടം സാധിപ്പിച്ച ഇവിടത്തെ ഈ സ്നേഹവിശേഷംതന്നെ ദേവിക്കു പൊന്മാനിനെ കിട്ടിയാലുള്ളതിലധികം സന്തോഷമുണ്ടാക്കും.

രാമൻ — (നിമിത്തം നടിച്ചിട്ട്) വത്സ! അഗസ്ത്യമഹർഷിയുടെ പ്രഭാവംനിമിത്തം യാതൊരു ഭയത്തിന്നും അവകാശമില്ലാത്ത തപോവനത്തിൽ സഖിയായ മധുകരികയോടൊന്നിച്ചിരിക്കുയാണെങ്കിലും, പരിചയമില്ലാത്ത ദിക്കായതുകൊണ്ടു ജാനകിക്കു വല്ല അപകടവും സംഭവിച്ചേയ്ക്കുമോയെന്നു ഞാൻ ഭയപ്പെടുന്നു.

ലക്ഷ്മണൻ — പ്രേമവിശേഷത്താൽ, പ്രിയജനത്തെക്കുറിച്ച് കനാമത് അപായത്തെത്തന്നെയാണല്ലോ ശങ്കിക്കുക.

മധു — (നെടുവീർപ്പിട്ടുംകൊണ്ട്) എങ്ങിനെയായാലും ആ സംഗതി, എപ്പോഴെങ്കിലും പറയേണ്ടിവരുമല്ലോ.

Digitized By Kerala Sahitya Akademi

അതിനാൽ ഞാൻ ഇപ്പോൾത്തന്നെ ചെന്നു പറ
ഞ്ഞേയ്ക്കാം.

(അടുത്തു ചെല്ലുന്നു)

ലക്ഷ്മണൻ — [മധുകരകിയെ കണ്ടിട്ട്, ആത്മഗതം] മധുകരിക വ്യസനഭാവത്തോടുകൂടി തനിയെ വരുന്നുണ്ട്. ദേവിയായ സീതയ്ക്കു് എന്തോ അത്യാപത്തു നേരിട്ടിരിയ്ക്കണം.

മധു — മഹാരാജാവു ജയിച്ചാലും.

രാമൻ — മധുകരികേ! ജാനകി എവിടെ?

മധു — (തൊണ്ട വിറച്ചുകൊണ്ട്) ദേവാ! ഇവിടത്തെ ദേവപൂജയ്ക്കുവേണ്ടി, ആശ്രമത്തിന്നടുത്തുള്ള വള്ളികളിൽ നിന്നും പൂവറുക്കട്ടെ എന്നു പറഞ്ഞുംവെച്ച —

ലക്ഷ്മണൻ — ദേവപൂജയ്ക്കുള്ള പുഷ്പങ്ങൾ അറുക്കേണ്ടതാണല്ലോ.

രാമൻ — (ആത്മഗതം) ഇനിയെന്തു പറയുമോ എന്നു വിചാരിച്ച് എന്റെ മനസ്സു ചലിയ്ക്കുന്നു (പ്രകാശം) എന്നിട്ടോ?

മധു — ഭംഗിയുള്ള പുഷ്പങ്ങൾ കാണുന്നു എന്നു പറഞ്ഞ് അവൾ കാട്ടിലേയ്ക്കു കടന്നു. ഞാൻ പിന്നെ അന്വേഷിച്ചുനോക്കിയതിൽ കാണുകയുണ്ടായില്ല.

രാമൻ — ഹാ! ഞാൻ ഹതനായി.

തല്ലിച്ചെവിയ്ക്കേറിയ 'സീതയെക്ക-
ണ്ടില്ലെ'ന്നൊരീഘോരതരാക്ഷരങ്ങൾ
വല്ലായുമിത്തീപ്പൊരികൾക്കുതുല്യ-
മെല്ലാമെരിയ്ക്കുന്നു ശരീരമയ്യോ!

ൻ

Digitized By Kerala Sahitya Akademi

കഷ്ടം! ദൈവദുൎവ്വിപാകം അതിഭയങ്കരമായിരിക്കുന്നു:

നാട,ച്ഛ,നമ്മ, നിജതമ്പികൾ,ബാന്ധവന്മാ-
രോടൊക്കമാപ്പുരികളെന്നിവ ദൈവയോഗാൽ,
പാടേ വെടിഞ്ഞടവി കേറുകിലും,സഹിച്ചു-
കൂടാത്ത സങ്കടമണഞ്ഞു നമുക്കു കഷ്ടം: ൧൦

ഹാ! ജാനകി!

പിരിയാനരുതാഞ്ഞു കാട്ടിലേക്കും
പരമെന്നോടൊരുമിച്ചുപോന്ന നീതാൻ
ഒരു തെറ്റുമെഴാതെയൊരെന്നെ വിട്ടെൻ-
ചെറുമാൻകണ്ണി! വസിപ്പതെങ്ങിദാനീം? ൧൧

ലക്ഷ്മണൻ—(ആത്മഗതം) ഇതിനെ കണ്ടാൽ ആൎയ്യൻ നന്നെ വ്യസനിക്കും. ആകയാൽ ഇതിനെ കൊടുത്തയച്ചേക്കാം. (സപ്രകാശ്യമായി) മധുകരികേ, ഇതിനെ ആശ്രമത്തിലേക്കു കൊണ്ടുപോയ്ക്കോളൂ. ഞാൻ ആൎയ്യന്റെ അടുക്കൽ നില്ക്കട്ടെ.

മധു—(പൊന്മാനിനെ വാങ്ങി) അങ്ങിനെതന്നെ.

(എന്നു പോയി)

രാമൻ— ഓരാതിരിക്കപ്പറയാവതല്ലാ-
ത്തോരാക്കഠോരസ്ഥിതിയാന്മൂലം
പാരിന്നു നല്ലാഭരണം കണക്കു-
ള്ളാരോമലാം സീതയെയെങ്ങു കാണും? ൧൨

ലക്ഷ്മണൻ—എന്തിനിങ്ങിനെ വ്യസനിക്കുന്നു? ഈ കാട്ടിൽ ചെന്നന്വേഷിച്ചാൽ ദേവിയെ കാണും.



Digitized By Kerala Sahitya Akademi

രാമൻ—ഭാഗ്യംകെട്ട നമ്മുടെ കണ്ണിന്, ഇനി എവിടെയാണ്, സീതാദശ്നസുഖം കിട്ടാൻപോകുന്നത്? ആട്ടെ, വഴി കാണില്ല.

ലക്ഷ്മണൻ—ഇതിലെ. ഇതിലെ.

(രണ്ടാളും ചുററിനടന്നു കാട്ടിൽ കടക്കുന്നു)

ലക്ഷ്മണൻ—ആര്യ, ഈ മണലുള്ള പ്രദേശത്തിൽ ദേവി പോയ വഴി സ്പഷ്ടമായി കാണുന്നുണ്ട്.

രാമൻ—(നോക്കിയിട്ട്) തീച്ചയായും ഇതു പ്രിയ പോയ വഴിതന്നെയാണ്. എന്തെന്നാൽ,

അതുതാൻ വിരലിൻവെപ്പി,ങ്ങതുതാൻ ചരണക്രമം
അതുതന്നെ ചുരുങ്ങും മട്ടതുതാൻ നിട്ടിവെപ്പുമേ. ൧൨

(നെടുവീപ്പിട്ടിട്ട്)

ഉളവാം പ്രണയാപരാധമാകെ-
ക്കളവാൻ കുമ്പിടുമെൻ ശിരസ്സിൽനിന്നും
മലർവല്ലിയുതിന്ന പൂജചെയ്തോ-
രലസാക്ഷീപദമുദ്രയിങ്ങു കാൺമൂ. ൧൩

(കാലടികളെ അനുസരിച്ചു നടന്നു നോക്കീട്ട്)

പ്രേമകോപനിലകൊണ്ടു കണ്ണനീ-
രാ മഷിക്കറയൊടൊത്തുതിത്തിതാ
താമരയ്ക്കെതിർമുഖം തുടത്തു ചാ-
രോന്താമലാളെയിഹ കാണമുണ്ടു മേ. ൧൪

(അടുത്തുചെന്നിട്ട്) പ്രിയേ, പ്രസാദിച്ചാലും, പ്രസാദിച്ചാലും.

Digitized By Kerala Sahitya Akademi

കലഹം കളയൂ, തെളിഞ്ഞിടട്ടേ
വിലസച്ചന്ദ്രനെ വെന്നാ നിൻമുഖാബ്ജം;
നലമോടു പണിഞ്ഞു നിൻപാദത്തിൽ-
ക്കലരും ലാക്ഷ ശിരസ്സിലേററിടാം ഞാൻ. ൧൩

(എന്ന് അവിടെയുള്ള പദവിന്യാസത്തെ നമസ്കരിക്കുന്നു)

ലക്ഷ്മണൻ—(ആത്മഗതം) കഷ്ടം! ആര്യന് ഉന്മാദാവസ്ഥ നേരിട്ടിരിക്കുന്നു. (പ്രകാശം) ആര്യ, ഇതു ജാനകിയല്ല.

(എന്നിങ്ങിനെ തല പിടിച്ചുയർത്തുന്നു)

രാമൻ—(എഴുന്നേററു സ്ഥലപത്മിനിയെ കണ്ടിട്ട്) തേററിൻെറ കനംകൊണ്ടു പൂവു ചാഞ്ഞതും, നിലത്തു പൊഴിഞ്ഞിട്ടുള്ള തേൻ കുടിപ്പാൻവേണ്ടി താമരപ്പൂവിൻെറ ഉള്ളിൽനിന്നും പുറപ്പെടുന്ന വണ്ടിൻകൂട്ടത്തോടുകൂടിയതും ആയ ഈ പൂകന്ന സ്ഥലപത്മിനിയെ കണ്ടിട്ടു ഞാൻ അന്ധാളിച്ചുപോയി.

ലക്ഷ്മണൻ—ജ്ഞാനാജ്ഞാനങ്ങളുടെ ഇടകലച്ച് ആശ്ചര്യംതന്നെ.

എന്തെന്നാൽ,

ഓരോന്നു പേയുപറയുന്നിതിടയ്ക്കിടയ്ക്കു
നേരോതിടുന്നു, മറിവും വെളിവും സമംതാൻ
ചേരുന്നിതാര്യനി,ലിലയ്ക്കു പൂക്കമുള്ള
ദാരുച്ചുവട്ടിൽ നിഴലും വെയിലും കണക്കേ. ൧൪

രാമൻ—ആട്ടെ, ഇതിനോടുതന്നെ ചോദിക്കാം.

Digitized By Kerala Sahitya Akademi

കാല്പാടിതാ നിന്നിലണഞ്ഞിരിപ്പൂ
പത്മാസ്യയെപ്പത്മിനി, നല്കുനിസ്സാൻ;
അല്ലായ്കിൽ നീ കാട്ടുക, മറെറാരിടം
മല്ലാക്ഷിയാൾ പോയ പദക്രമത്തെ. ൧൮

(സൂക്ഷിച്ചു നോക്കിയിട്ട്) ഇതാകട്ടെ, ഇളകിയ താമരപ്പൂവാകുന്ന മുഖംകൊണ്ടു കാലടികളുടെ പോക്ക് ഇതിലേയാണെന്നു സൂചിപ്പിക്കുന്നു.

ലക്ഷ്മണൻ__ഇവിടെനിന്നും സഹകാരോദ്യാനത്തിലേക്കു പോയതായിട്ടാണ്, കാലടികൾ കാണുന്നത്

[രണ്ടുപേരും സഹകാരോദ്യാനത്തിൽ ചെന്നതായി നടിക്കുന്നു.]

ലക്ഷ്മണൻ__(ആത്മഗതം) ഞാൻ ആര്യന്റെ മനസ്സു മറെറാന്നിലാക്കട്ടെ. (പ്രകാശം)

തളിരുകളെയശേഷം മുന്നിലിട്ടൊന്നുലച്ചും,
തെളിവിയലിന പുത്തൻപൂങ്കുലത്തേൻ കവൎന്നും,
അളികുലമടിതോറും വന്നു പിമ്പേ നിറഞ്ഞും
കുളിരണിമലയാദ്രിക്കാററു ലാത്തുന്നു മന്ദം. ൧൯

രാമൻ__എന്ത്, വിരഹികൾക്കു കാട്ടുതീയായ കാററ്.

നിന്നെസ്സൎവ്വജഗൽപ്രാണ-
നെന്നോതുന്നിതു സത്യമായ്;
എന്നേ! ജഗത്തിലുൾപ്പെട്ടോ-
രെന്നെക്കൊല്ലുകയാണു നീ. ൨൦

Digitized By Kerala Sahitya Akademi

എന്നാൽ,

നീ കാറേറ, മൽപ്രിയയുടെ
വാകപ്പൂമൃദുളമേനി തൊട്ടെങ്കിൽ
പുല്കുകയെന്നുടലിലില്ലെ-
ന്നാകിലുടൻവഴിയൊഴിഞ്ഞേക്കു. ൨൧

(ആലോചിച്ച്) ആട്ടേ, പ്രിയയേക്കുറിച്ചുതന്നെ ചോദിക്കാം.

അന്നത്തിനൊത്ത നടയു-
ള്ളെന്നോമൽപ്രാണകാന്തയെ
തെന്നലേ, കണ്ടുവോ കാട്ടു-
തന്നിലെങ്ങാനുമിങ്ങു നീ? ൨൨

എയ്! നീ പ്രിയയുടെ നിസർഗ്ഗസുരഭിയായ നിശ്വാസവായുവിനാൽ തിരസ്കരിക്കപ്പെട്ടതിനാലുള്ള വൈരം വിചാരിച്ചു മിണ്ടാതെ പോകയാണു്.

(മറെറാരേടത്തു നോക്കീട്ടു്)

എന്തന്ന മാകന്ദകദംബകത്തിൻ-
പൂന്തേനിലാറാടിന വണ്ടിനങ്ങൾ
മാന്തോററകണ്ണാൾമണിമാർക്കു മാന-
ശാന്തിക്കുരക്കുന്നു മനോജമന്ത്രം. ൨൩

അത്രയുമല്ല,

മാകന്ദവൃന്ദമകരന്ദജലത്തിൽ മഗ്ന-
മാകുന്ന ഭൃംഗനിര പങ്കജരേണുപൂശി
മാഴ്കാതെ മാനിനികൾ മാനമൊഴിഞ്ഞുമട്ടി-
ലാകാൻ മുറക്കുരചിടുന്നു മനോജമന്ത്രം. ൨൪

Digitized By Kerala Sahitya Akademi

എന്നാൽ, ഇടവിടാതെ പൂന്തേൻ കുടിച്ചുലഹരി പിടിച്ചിട്ടുള്ള ഇവറ്റകളുടെ വാക്കു തീരെ വിശ്വസിച്ചുകൂടാത്തതാണ്. ആകയാൽ പ്രിയയുടെ ഗതിയെക്കുറിച്ചു ചോദിക്കട്ടെ.

(കുറച്ചു നടന്നതായി നടിച്ചു ചെവികൊടുത്തിട്ട്) വത്സ,

നല്ലോരിളംകുസുമങ്ങളാൽ മറഞ്ഞെന്റെ
മല്ലാക്ഷി മാകന്ദവനാന്തരത്തിൽ
മെല്ലെന്നിതെന്തോ ചിലതോതിയുംകൊ-
ണ്ടുല്ലാസമെന്നുള്ളിനു നല്കിടുന്നു. ൨൭

ലക്ഷ്മണൻ—(ആത്മഗതം) ആര്യൻ കുയിലുകളുടെ ശബ്ദം കേട്ടിട്ട് അദ്ധ്യാരോപിച്ചിരിക്കയാണ്.

രാമൻ—എന്ത്! പ്രിയയുടെ ശബ്ദം കേൾക്കുന്നതേ ഉള്ളൂ. ആകൃതി കാണുന്നില്ല. അതിനാൽ ഇങ്ങിനെ അപേക്ഷിക്കതന്നെ.

എന്മനസ്സിനൊരു ജീവനൌഷധം
കണ്മണിക്കമൃതവർത്തികാഞ്ജനം
മന്മഥജ്വരമഹാരസായനം
നിന്മുഖം സപദി കാട്ടുകോമളേ! ൨൮

(കുറച്ചുനേരം മിണ്ടാതെ നിന്നിട്ട്) അല്ലേ ജാനകി! നീയെന്താണ് ഉദാസീനയായിരിക്കുന്നത്?

നില്ലാതെകണ്ടരികിലെത്തിയിവന്റെ കണ്ഠം
മല്ലാക്ഷി! നിന്റെ ഭുജവല്ലികൾ കൊണ്ടു കെട്ടു
അല്ലായ്കിൽ മെല്ലെയടിവെച്ചഥ പിന്നിൽ വന്നി-
ട്ടുല്ലാസമോടു മിഴി കൈത്തളിർകൊണ്ടു പൊത്തു. ൨൯

(എന്നു കണ്ണു ചിമ്മി നില്ക്കുന്നു)

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ—(ആത്മഗതം) കഷ്ടം! നിർവ്വാഹമില്ലാത്ത കാര്യത്തിൽ എന്തുചെയ്യും?

രാമൻ—പ്രിയേ! എന്താണു താമസിക്കുന്നത്? രണ്ടിലൊന്നു ചെയ്യു.

ലക്ഷ്മണൻ—ആര്യ, ഈ കേൾക്കുന്നതു, കുയിലുകളുടെ ശബ്ദമാണ്. ഇവിടെ ജാനകിയില്ല.

രാമൻ—(കണ്ണുമിഴിച്ചു, ചെവികൊടുത്തിട്ട്) അതുതന്നെയാണിപ്പോൾ, വീണവായന കേട്ടവനു മിഴാവിന്റെ ഒച്ചപോലെ കഠോരമായി തോന്നുന്നത്.

(ലക്ഷ്മണൻ മറെറാരേടത്തു കാണിക്കുന്നു)

രാമൻ—(നോക്കീട്ട് സംഭ്രമത്തോടുകൂടി) വത്സ, ഇതാ, ചില കള്ളന്മാർ പ്രിയയുടെ സർവ്വാഭരണങ്ങളും എടുത്തു തലയിലേററി എന്നോടു യുദ്ധംചെയ്യുവാൻ കൈകൾ നീട്ടിക്കൊണ്ടു കൂസലില്ലാതെ മുമ്പിൽ നില്ക്കുന്നു. നോക്കു, നോക്കു:

ചിലപേർ പത്മരാഗങ്ങൾ,
ചിലർ പൊൻകോപ്പു, കഷ്ടമേ!
ചിലരേന്തുന്നിതെന്നോരോ-
മലാൾതൻ മുത്തുമാലയും. ൨൨

ലക്ഷ്മണൻ—(ആത്മഗതം) കഷ്ടം! ആര്യനു പിന്നെയും ഭ്രാന്തുതന്നെ.

രാമൻ—എട! എട! ചോരന്മാരേ! നില്ക്കുവിൻ. എന്റെ മുമ്പിൽനിന്നെങ്ങോട്ടാണു, പോകുന്നത്? ഇപ്പോൾതന്നെ വില്ലുകുലച്ച് ഒരൊററ അസ്ത്രംകൊണ്ടുതന്നെ നി

Digitized By Kerala Sahitya Akademi

ങ്ങളെ എല്ലാവരേയും വീഴിച്ചേയ്ക്കാം. (എന്നാടോപ ത്തോടുകൂടി ചുററിനടന്നു വില്ലു കുലയ്ക്കുന്നു)

ലക്ഷ്മ—(കുലയേററിയ വില്ലുപിടിച്ചിട്ടു്)ബദ്ധപ്പെടേണ്ടാ.

രാമൻ—ഉണ്ണി, വിടു, വിടു. ഞാൻ ബാണം തൊടുക്കട്ടെ. ഇവററ പിന്നെയും ഇവിടെത്തന്നെ നിർഭയമായി ഒരു നങ്ങാതെ നില്ക്കുന്നു.

(എന്നു ആവനാഴിയിൽനിന്നു് അമ്പെടുക്കുവാൻ തുടങ്ങുന്നു)

ലക്ഷ്മണൻ—ബാണധിഷ്ണ്യ വെളിയ്ക്കെത്തീ
ബാണമെങ്കിലുടൻ വിഭോ!
പ്രാണൻ പോം പററലക്കെന്തി-
നാണതോർത്താൽത്തൊടുപ്പതും? ൨൮

അതുകൊണ്ടു ശരസന്ധാനത്തെ ഉപേക്ഷിച്ചു്, ആര്യൻ നല്ലവണ്ണം നോക്കൂ. ഇവിടെ ചോരന്മാരില്ല.

രാമൻ—(സൂക്ഷിച്ചുനോക്കീട്ടു്) അല്ലാ! ഞാൻ തെററിദ്ധരിച്ചതാണ്. എന്തെന്നാൽ,

നന്നായംബുദരാഗമല്ലിതു, സുരകതാ-
ശോകമൊട്ടാണു ച
മ്പൊന്നാം ഭൂഷണമല്ലിതിങ്ങിടെ വിടന്നാ-
ക്കുണ്ണികാരോല്ക്കരം
എന്നാലോചിതു മൂന്നുമല്ല, കരുനൊ-
ച്ചിപ്പൂനിരപ്പാണു, ക-
യ്യൊന്നായ്പ്പൊക്കിന ചോരരല്ലിതുകളാ-
ക്കൊമ്പുള്ള വൃക്ഷങ്ങൾ താൻ. ൩൦

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ—ഇനിയും വള്ളിക്കുടിലുകളിൽ തിരഞ്ഞു നോക്കുക.

രാമൻ—അങ്ങിനെതന്നെ. (എന്ന് മററൊരിടത്തുനിന്നു നോക്കി സസന്തോഷം) വത്സ, ജാനകിയെ കണ്ടു.

മൂലകൾ കനത്തിട്ടടലൊ-
ന്നലയെക്കയ്യാംഗ്ര്യമാസ്സ്ളിളിച്ചെന്നെ,
ചില കണ്ണീരാമൃതമൊഴിയാ-
ലലമിവനിങ്ങുൾപ്രമോദമരുളുന്നു. വ. ച

ലക്ഷ്മണൻ—അയ്യോ! ഉന്മാദം കലശലായിരിക്കുന്നു.

രാമൻ—ജാനകി, നീയിതുവരെ എവിടെയായിരുന്നു? (ചെവികൊടുത്തിട്ട്) എന്താണു പറയുന്നത്, 'ഞാൻ ആര്യപുത്രന്റെ പ്രേമം പരീക്ഷിപ്പാൻ ഒരു വള്ളിക്കുടിലിൽ ഒളിച്ചിരിക്കയായിരുന്നു' എന്നോ?

ലക്ഷ്മണൻ—ജാനകി എവിടെ?

രാമൻ—(കേൾക്കാത്തതായി നടിച്ച്)

എനിക്കാ നിൻവാക്യം ചെകിടിനുതിരും പുത്തനമൃതാ-
ണെനിക്കുംഗേ നിന്നെത്തടവുക കളിർച്ചന്ദനരസം
എനിക്കി നിന്മെയ്യാ ശരണമിനിലാവാണു മിഴികൾ-
ക്കെ,നിക്കാമോ ഭദ്രേ, നിമിഷവുമഹോ!നിന്റെവിരഹം?

ലക്ഷ്മണൻ—ആര്യ, ജാനകിയെവിടെ?

രാമൻ—ഇതാ മുമ്പിൽത്തന്നെ നില്ക്കുന്നു(എന്ന് മുമ്പിൽ നില്ക്കുന്ന വള്ളിയുടെ അടുക്കൽ ചെന്നു നോക്കിയിട്ട്) അയ്യോ! എന്റെ അന്ധാളിത്തം!!

Digitized By Kerala Sahitya Akademi

മലർമഞ്ജരികൊണ്ടു തെല്ലു താന്നൊ-
ന്നുലയും ചെന്തളിർപ്പൂണ്ടു ചന്തമോടും
മലരിൻമധുവുണ്ടുകൊണ്ടു വണ്ടിൻ-
കുലമാക്ന്നൊരു വള്ളിയാണിതല്ലോ. ൩൩

(പിന്നെയും നോക്കി) വത്സ! ഈ വള്ളിമേൽനിന്നു തന്നെ, ജാനകി പൂവറുത്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ,

അവളിഹ പൂക്കളറുത്തി-
ട്ടവയിൽ വെറും ഞെട്ടി മാത്രമേയുള്ളു
അവിടവിടെത്താളിർമുറികളു-
മിവിടെച്ചിന്നിക്കിടക്കുന്നു. ൩൪

ലക്ഷ്മണൻ—ഇതു ശരിയാണ്. കാലടികളും ഇടവിടാതെ ഈ ലതയുടെ അടുക്കൽ എത്തിയിരിക്കുന്നു.

രാമൻ—ഇവിടെ നിന്നെങ്ങോട്ടാണു പോയിരിക്കുന്നതെന്നു നോക്കു.

ലക്ഷ്മണൻ—അങ്ങിനെതന്നെ (എന്നു ലതയുടെ നാലുപുറത്തും നടന്നു മണിവലയം കണ്ടിട്ട് ആത്മഗതം) ഇതു ദേവിയുടെ കയ്യിന്മേൽനിന്ന് ഊരി വീണുപോയതാണ്. ആകയാൽ, ആര്യന്റെ വിനോദത്തിന്നായി, അവസരം വരുമ്പോൾ കാണിച്ചുകൊടുക്കാം. (എന്ന് എടുത്തു വസ്ത്രത്തിൽ പൊതിഞ്ഞ് അടുത്തുചെന്നു പ്രകാശം) ആര്യ, ഇവിടുന്നങ്ങോട്ടു കാലടികൾ എങ്ങും കാണുന്നില്ല. എന്നാൽ, കാട്ടിൽ നടക്കുന്ന ഒരു മൃഗം പോയ വഴി ഇവിടെ സ്പഷ്ടമായി കാണ്മാനുണ്ട്.

രാമൻ—കഷ്ടം! നമ്മൾ നിരാശന്മാരായി. അല്ലയോ ജാനകി!

Digitized By Kerala Sahitya Akademi

നീണ്ട കണ്ണുകളും ചുരുണ്ട കുന്തൽ, ചോ-
പ്പാണ്ട തൊണ്ടിയെതിർചുണ്ടിതൊക്കയും
പൂണ്ട നിൻമുഖസരോജമെന്നു ഞാൻ
വേണ്ടപോലെ മുകരുവാണി! കാണുമോ? ൨൭

(പുറവും നോക്കി) അയ്യോ! പ്രിയയെ സംബന്ധിച്ചതായി ഒരു സാധനമെങ്കിലും കാണുന്നില്ലല്ലോ! ഞാനെന്തുകൊണ്ടാണു, മനസ്സിനെ വിനോദിപ്പിക്കേണ്ടത്?

ലക്ഷ്മണൻ—ആര്യ, ഇതാ, ദേവിയുടെ കയ്യിന്മേൽ നിന്നും ഊരിവീണ മണിവലയം. ആര്യൻ നോക്കു. (എന്നു കൊടുക്കുന്നു)

രാമൻ—(വാങ്ങി സന്തോഷത്തോടുകൂടി)

വെളിവൊടു ചിരമെന്മനസ്സിനല്പം
കുളിർ തരുമീശ്ശുഭരത്നകങ്കണം താൻ
തളിരെതിർദയിതാകരത്തിൽനിന്നും
ഗളിതമെനിക്കൊരുമട്ടിലിന്നു കിട്ടി. ൨൮

(മാറത്തു വെച്ചുംകൊണ്ട്)

മാലിന്യശൂന്യമിതു പണ്ടു മദീയകണ്ഠ-
മാലിംഗനങ്ങളിലമർത്തു മുറിപ്പെടുത്തി
ചേലാന്നു ചെഞ്ചൊടി രസിച്ചിവനാസ്വദിക്കേ,
ലോലാക്ഷി കൈകടകയാലൊലിയും മുഴക്കി. ൨൯

(നെടുവീർപ്പിട്ട്) വത്സ, നാം എവിടെയാണു ജാനകിയെ കണ്ടെത്തുക? ഏതൊരു കാട്ടിലാണിനി അന്വേഷിക്കുക? ഏതെല്ലാം വള്ളിക്കുടിലുകളിലാണിനി കടന്നു നോക്കുക? കഷ്ടം! നാം സർവ്വഥാ നിരാശന്മാരായി.

Digitized By Kerala Sahitya Akademi

ളുന്നു ദിക്കൊക്കവേ, ചെന്തീ-
യുന്നും മട്ടാണു കാൺമൂ ഞാൻ
തോന്നുന്നു ശൂന്യമീ ലോക-
മെന്നുമെഹ്നാമൽ പോകയാൽ. മൂച്ഛ

ലക്ഷ്മണൻ—അയ്യോ! ആൎയ്യൻെറ ഈ സ്ഥിതി കഷ്ടമായിരിക്കുന്നു.

രാമൻ—നാമെന്താണിവിടെയിരിക്കുന്നത്?

പോരൂ വത്സ! ഗമിക്കു വീട്ടിൽ

ലക്ഷ്മണൻ— ഇതു വീടാണോ?

രാമൻ—നമുക്കെങ്ങു പാപ്പ്?

ലക്ഷ്മണൻ—ആരണ്യത്തിൽ

രാമൻ—ഇതെന്തു കാട്ടിൽ വരുവാൻ?

ലക്ഷ്മണൻ—അച്ഛൻ നിയോഗിക്കയാൽ

രാമൻ—ദൂരം പോന്നവരെത്രപേർ പറക നാം?

ലക്ഷ്മണൻ— മൂന്നാമ്പ

രാമൻ—അതാരൊക്കെയാണ്?

ലക്ഷ്മണൻ—ആൎയ്യൻ, ജാനകി, ഞാനും,

രാമൻ—എൻ പ്രിയതമേ. നിയ്യെങ്ങ് ഹാ!ജാനകി!മൂൻ
(അണിയറയിൽ) വത്സേ! ഭയപ്പെടേണ്ട.

ലക്ഷ്മണൻ—(ചെവികൊടുത്തു സൂക്ഷിച്ചുനോക്കി സസന്തോഷം) ആൎയ്യാ, മധുകരികയോടുകൂടിയ ജാനകിയെ ആശ്വസിപ്പിച്ചുംകൊണ്ടിതാ അഗസ്ത്യമഹഷി ഇങ്ങോട്ടുതന്നെ വരുന്നു.

(അനന്തരം പറഞ്ഞപോലെ അഗസ്ത്യൻ
പ്രവേശിക്കുന്നു.)

Digitized By Kerala Sahitya Akademi

അഗസ്ത്യൻ—വത്സേ, ഭയപ്പെടേണ്ട. ഇതാ, ഇവിടെ ലക്ഷ്മണനോടുകൂടിയ രാമഭദ്രൻ നിന്നെ അന്വേഷിച്ചുംകൊണ്ടു നില്ക്കുന്നു.

സീത—(രാമനെ കണ്ടിട്ടു ലജ്ജിച്ച് ആത്മഗതം) ഈ കണ്ണുകൾകൊണ്ടു രാമഭദ്രനെ കാണ്മാനിടയായതെന്റെ ഭാഗ്യംതന്നെ.

രാമൻ—ഭഗവാനേ! ഞാൻ അഭിവാദനം ചെയ്യുന്നു.

അഗസ്ത്യൻ—ആയുഷ്മാനായി ഭവിച്ചാലും.

ലക്ഷ്മണൻ—ഭഗവൻ! ഞാൻ വന്ദിക്കുന്നു.

അഗസ്ത്യൻ—ഉണ്ണി, വളരെക്കാലം ജീവിച്ചിരുന്നാലും.

സീത—ആര്യപുത്രൻ ജയിച്ചാലും, ജയിച്ചാലും.

രാമൻ—(സീതയെ കണ്ടിട്ട്) വത്സ, സീതാദർശനം, യദൃച്ഛയായി അമൃതുമഴ പെയ്തതുപോലെയിരിക്കുന്നു.

ലക്ഷ്മണൻ—ആര്യ, ഇത് അങ്ങിനെതന്നെ (അഗസ്ത്യനോട്) ഭഗവൻ! ഈ ലതാമണ്ഡപത്തിൽ കുറച്ചുനേരം ഇരുന്നാലും. (എല്ലാവരും യഥോചിതം ഇരിക്കുന്നു)

ലക്ഷ്മണൻ—ഭഗവാനേ! എങ്ങിനെയാണ്, ജാനകിയെ കിട്ടിയത്?

അഗസ്ത്യൻ—കേൾപ്പിൻ.

രാമൻ—ഞങ്ങൾ അവഹിതന്മാരായിരിക്കുന്നു.

അഗസ്ത്യൻ—പണ്ടിവിടെ, ദുർവ്വാസസ്സു കുറെ ദിവസം തപസ്സു ചെയ്കയുണ്ടായി.

മധുകരിക—ഈ മഹർഷി മഹാശുണ്ഠിക്കാരനാണെന്നു കേട്ടിട്ടുണ്ട്.

Digitized By Kerala Sahitya Akademi

രാമൻ—എന്നിട്ടോ?

അഗസ്ത്യൻ—അക്കാലത്ത്, ഓരോ ആശ്രമങ്ങളിൽ, കഠിനമായ തപസ്സിനെക്കുറിച്ചു ശങ്ക ജനിച്ചു ദേവേന്ദ്രനാൽ അയക്കപ്പെട്ട അപ്സരസ്ത്രീകളുടെ കൂട്ടത്തിൽ 'ഹരിണി' എന്നൊരുവൾ ഈ തപോവനത്തിൽ കടന്നു പൂവറുപ്പാൻ തുടങ്ങി.

രാമൻ—അഹോ! വലിയ പ്രമാദം.

അഗസ്ത്യൻ—അതിൻെറ ശേഷം, സ്നാനത്തിന്നു വരുന്ന ദുർവ്വാസസ്സ് 'എടി! ഹരിണി! നീ എനിക്കു ദേവപൂജക്കുള്ള പുഷ്പങ്ങൾ അറുത്തു കൊണ്ടുപോകുന്നതുകൊണ്ട് നിൻെറ പേരിന്നു ശരിയായ ആകൃതിയെത്തന്നെ പ്രാപിക്കുക' എന്നു ശപിച്ചു. അപ്പോൾത്തന്നെ ഈ കാട്ടിൽനിന്നും പോയി മറയുകയും ചെയ്തു.

മധു—അമ്പോ! തപസ്സു ചെയ്യുന്നവരുടെ മനസ്സിന്നുള്ള കടുപ്പം.

ലക്ഷ്മണൻ—ഇവൾക്കു പിന്നെ ശാപമോക്ഷം കിട്ടിയതെങ്ങിനെയാണ്?

അഗസ്ത്യൻ—പിന്നെ അപ്സരസ്സുകൾ, മാൻപേടയായിത്തീൎന്ന ഹരിണിയോടുകൂടി വാവിട്ടു കരഞ്ഞുകൊണ്ട് എൻെറ അടുക്കൽ വന്ന് ആവലാതിപറകയാൽ ഞാൻ ദയയോടുകൂടി ഒരു പിടി കറുക മന്ത്രിച്ചുകൊടുത്തു. അതിനാൽ, അവൾ മുൻസ്ഥിതിയിലായി.

രാമൻ—എന്താണ് ആശ്ചര്യം?

Digitized By Kerala Sahitya Akademi

വനദഹനങ്ങളെരിഞ്ഞൊരു
വനലക്ഷ്മിയെ വീണ്ടുമേ പുതുപ്പിയ്ക്കൽ
അനഘം ജഗത്തിനുതകും
ഘനപടലത്തിന്റെ സമ്പ്രദായംതാൻ. ൪൦

അഗസ്ത്യൻ—ഇപ്പോഴും അനുസന്ധിയ്ക്കുന്ന ആ വലിയ ശാപംതന്നെ, ഈ വനത്തിൽ ചെന്നു പൂർവവൃത്തതിനാൽ, ജാനകിയെ ബാധിച്ചു.

രാമൻ—(ആശ്ചര്യത്തോടുകൂടി) ഇവരും ഇതുവരെ മാൻപേടയായി നില്പുയായിരുന്നുവോ?

മധു—(സ്വഗതം) അവിടത്തന്നെ നിന്നിരുന്ന മാൻപേടയായിരിയ്ക്കണം.

അഗസ്ത്യൻ—ഒററയ്ക്ക് എന്റെ ആശ്രമത്തിൽ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുനടക്കുന്ന, പണ്ടു കണ്ടിട്ടില്ലാത്ത മാൻപേടയെ, ഞാൻ സമാധികൊണ്ടു ജാനകിയാണെന്നു മനസ്സിലാക്കി. ഉടൻതന്നെ ശാപമോക്ഷം വരുത്തി ഇങ്ങോട്ടു കൊണ്ടുപോന്നു.

രാമൻ— പരന്മാർക്കു ഗുണം ചെയ്കൽ,
പരദുഃഖം പൊറായ്കയും,
ദയ, ദാക്ഷിണ്യവും നല്ലോ-
രെല്ലാം സഹജന്മങ്ങൾ. ൪൧

അഗസ്ത്യൻ—അങ്ങുന്ന്, ഈ ജാനകിയോടും, ലക്ഷ്മണനോടും ഒന്നിച്ചു വളരെക്കാലം ജീവിച്ചിരിയ്ക്കും; അത്രയുമല്ല,

Digitized By Kerala Sahitya Akademi

ആകല്പാന്തം ലോകസന്തുഷ്ടി ചേൎത്തും,
ശോകധ്വാന്തം മാനുഷന്മാൎക്കു തീൎത്തും
ശ്രീകാന്ത! ശ്രീരാമ! സോമാഭിരാമ-
ശ്രീ! കാലം നിൻകീൎത്തിപൂരം ജയിക്കും. ൪൮

രാമൻ—വല്യതായ പ്രസാദം.

അഗസ്ത്യൻ—ഇനി എന്തൊരിഷ്ടത്തെയാണു ഞാൻ അങ്ങേക്കു ചെയ്യേണ്ടതു്?

രാമൻ—ഇതിലധികം എന്താണിഷ്ടമായിട്ടുള്ളതു്? എല്ലാം ഇതിരിക്കട്ടെ.

(ഭരതവാക്യം)

അവധിയിൽ മഴപെയ്കിട്ടുണ്ടൎക്കോൻ ചൊല്പടിക്കീ-
യവനിയിൽ മുകിൽവേണ്ടും സസ്യമുണ്ടാക്കിടട്ടെ
ഭവജലധിയിലാഴും മാനുഷന്മാൎക്കു സാധു-
പ്രവരനിയതസംഗം കപ്പലായ്ക്കൈവരട്ടെ. ൪൯

(സമ്പൂൎണ്ണം)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi